# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2131- 17/06/2014 -ലെ മറുപടിക്ക്

### പദ്ധതിനിർവ്വഹണത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി

| ചോദ്യം<br><br>ശ്രീ. സി. ദിവാകരൻ | ഉത്തരം<br>ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2014 ജനുവരി മുതൽ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനും പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുമായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതാധികാര സമിതികൾ (Empowered Committees) മാസം തോറും യോഗങ്ങൾ കൂടി നീരിക്ഷിച്ചു വരുന്നു. ആസൂത്രണ ബോർഡിൽ 'പ്ലാൻ സ്പേസ്' എന്ന ഓൺ ലൈൻ മോണിട്ടറിംഗ് സംവിധാനത്തിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്കീമുകളുടെയും ഘടകം തിരിച്ചുള്ള പദ്ധതി പുരോഗതി നിരന്തരമായി നിരീക്ഷിക്കുകയും അവലോകനം ചെയ്യാറുമുണ്ട്. ഇവ കൂടാതെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നിർവ്വഹണത്തിന് ജില്ലാ ആസൂത്രണ സമിതികൾ നിർദ്ദേശം നൽകാറുണ്ട്. കൂടാതെ, ഭരണാനുമതി ആവശ്യമുള്ള എല്ലാ പ്രപ്പോസലുകളും 30/06/2014 ന് മുമ്പായി ഡിപ്പാർട്ട്മെന്റൽ വർക്കിംഗ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണെന്ന് എല്ലാ സെക്രട്ടറിമാർക്കും 26/05/2014 ലെ 45/2014/ധന. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) വിവിധ വകുപ്പുകളിലെ എത്ര ഉദ്യോഗസ്ഥർക്കാണ് പദ്ധതി നിർവ്വഹണത്തിൽ വിദഗ്ധ പരിശീലനം നൽകിയത് ? | 2014-15 സാമ്പത്തികവർഷത്തിൽ 'പ്ലാൻ സ്പേയിസിൻെറ' ഭാഗമായി ഇതു വരെ പദ്ധതിനിർവഹണ നിരീക്ഷണത്തിന് വിവിധ വകുപ്പുകളിലെ 334 ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ